ഉത്തരം

(എ & ബി) മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തിയ പൊതുവിഹിതത്തിൽനിന്നും 31-12-2015 വരെയുള്ള കാലയളവിൽ 422.22 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് 2015-16 വർഷം അനുവദിച്ച തുക, 31-12-2015 വരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച ബോർഡ് വഴി 2015-16 സാമ്പത്തികവർഷത്തിൽ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വൻകിട പദ്ധതികൾക്കാവശ്യമായ ധനസമാഹരണ മാർഗ്ഗങ്ങൾ തേടുന്നതാണ്.

സർക്കാർ പദ്ധതികൾ

43 (3143) ശ്രീ. എം. ഹംസ ; താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കണ്ണൂർ എയർ പോർട്ട്, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നീ പദ്ധതികളുടെ നിലവിലെ അവസ്ഥ, ഇവയ്ക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ റൺവേയുടെയും ടെർമിനൽ ബിൽഡിംഗിന്റെയും നിർമ്മാണം യഥാക്രമം 75-ഉം 62-ഉം ശതമാനം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചി മെട്രോയുടെ ആദ്യഘട്ടത്തിന്റെ നിർമ്മാണം ഏകദേശം 82 ശതമാനവും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം ഏകദേശം 34 ശതമാനവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ട്രയൽ റണ്ണിനുള്ള ജോലികൾ പുരോഗമിച്ചു വരികയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിച്ചുവരുന്നു. മറ്റ് അടിസ്ഥാന വികസന പദ്ധതികളും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതികൾക്ക് 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

പദ്ധതി	അനുവദിച്ച തുക	ചെലവഴിച്ച തുക (31-12-2015 വരെ)
കണ്ണൂർ എയർപോർട്ട്	403.65	370.93
കൊച്ചി മെട്രോ	1268.03	1159.95
സ്മാർട്ട് സിറ്റി	23.63	18.63
ഇൻഫോ/ടെക്നോ പാർക്ക്	543.64	464.03
വിഴിഞ്ഞം തുറമുഖം	671.55	521.53

സി-ആപ്റ്റ്

44 (3145) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ അച്ചടി യന്ത്രങ്ങൾ വാങ്ങിയതിലെ അഴിമതി സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സി-ആപ്റ്റിൽ ലോട്ടറി അച്ചടിക്കായി വേരിബിൾ ഡാറ്റാ പ്രിന്റർ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ എന്നീ രണ്ട് പ്രിന്റിംഗ് മെഷീനുകൾ വാങ്ങിയതുമായി ബന്ധപ്പെട്ടുള്ള ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly